REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 30-11-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **നവംബറിന്റെ നേട്ടങ്ങളും, പ്രചോദനങ്ങളും ഓർമ്മിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത്.**
- **കാർഷിക മേഖലയിൽ റെക്കോർഡ് ഭക്ഷ്യധാന്യോത്പാദനം കൈവരിച്ചതായി പ്രധാനമന്ത്രി. വോക്കൽ ഫോർ ലോക്കൽ ഈ വർഷം മികച്ച പ്രതികരണമുണ്ടാക്കിയെന്നും നരേന്ദ്രമോദി.**
- **പാർലമെന്റ് ശീതകാല സമ്മേളനത്തിന് നാളെ തുടക്കം. ന്യൂഡൽഹിയിൽ സർവ്വകക്ഷിയോഗം പുരോഗമിക്കുന്നു.**
- **തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിന്റെ സമയപരിധി കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷൻ പുതുക്കി.**
- **ഇന്നലെ അന്തരിച്ച കൊയിലാണ്ടി MLA കാനത്തിൽ ജമീലയുടെ ഖബറടക്കം മറ്റന്നാൾ.**
- **ഇന്ത്യാ ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം അല്പസമയത്തിനകം റാഞ്ചിയിൽ.**

## വാർത്തകൾ വിശദമായി

നവംബറിന്റെ നേട്ടങ്ങളും, പ്രചോദനങ്ങളും പരാജയത്തെ മറികടന്ന് കെട്ടിപ്പടുത്ത ആത്മവിശ്വാസത്തെയും ഓർമ്മിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് പരിപാടി ആകാശവാണിയും, ദൂരദർശനും പ്രക്ഷേപണം ചെയ്തു. നവംബർ 26 ന് ഭരണഘടനാ ദിനാഘോഷങ്ങൾ പാർലമെന്റ് സെൻട്രൽ ഹാളിൽ സംഘടിപ്പിച്ചതും, വന്ദേമാതരത്തിന്റെ 150-ാം വാർഷിക ആഘോഷവും, ഈ മാസം 25 ന്

അയോധ്യയിലെ രാമക്ഷേത്രത്തിൽ ധർമ്മധ്വജം ഉയർത്തിയതും, കുരുക്ഷേത്രയിലെ ജ്യോതിസർ പാഞ്ചജന്യ സ്മാരക ഉദ്ഘാടനവും നവംബറിനെ പ്രചോദനത്തിന്റെ മാസമാക്കിയതായി പ്രധാനമന്ത്രി  മൻ കി ബാതിൽ പറഞ്ഞു.

ഹൈദരാബാദിൽ ലോകത്തെ ഏറ്റവും വലിയ വിമാന എൻജിൻ അറ്റകുറ്റപ്പണി കേന്ദ്രം ആരംഭിച്ചതും, മുംബൈയിൽ INS മഹെ ഇന്ത്യൻ നാവികസേനയിൽ ഉൾപ്പെടുത്തിയതും , സ്കൈ റൂട്ടിന്റെ ഇൻഫിനിറ്റി ക്യാമ്പസിന്റെ തുടക്കവും നവംബറിന്റെ നേട്ടങ്ങളായി മാറിയെന്ന് പ്രധാനമന്ത്രി അറിയിച്ചു .

കാർഷിക മേഖലയിൽ 357 ദശലക്ഷം ടൺ ഭക്ഷ്യധാന്യ ഉത്പാദനത്തോടെ രാജ്യം ചരിത്ര റെക്കോർഡ് നേടിയതും, കോമൺവെൽത്ത് ഗെയിംസിന് രാജ്യം ആതിഥേയത്വം വഹിക്കുമെന്ന് പ്രഖ്യാപിച്ചതും നവംബറിലാണ്.

ചന്ദ്രയാൻ -2 ന്റെ പരാജയത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റ്, ചന്ദ്രയാൻ -3 ന്റെ വിജയഗാഥ എഴുതിയ ശാസ്ത്രജ്ഞരുടെ കണ്ണുകളിലെ തിളക്കം ഇപ്പോഴത്തെ യുവജനങ്ങളിലും കണ്ടെത്താൻ കഴിയുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ISRO സംഘടിപ്പിച്ച ഡ്രോൺ മത്സരത്തിൽ, ചൊവ്വയിലെ സമാനസാഹചര്യങ്ങളിൽ ഡ്രോൺ പറത്തിയ യുവാക്കളുടെ വീഡിയോ അവരുടെ സമർപ്പണ ബുദ്ധിയുടെ പ്രതീകമാണെന്ന് പ്രധാനമന്ത്രി വിലയിരുത്തി. യുവാക്കളുടെ ഈ സമർപ്പണമാണ് വികസിത ഭാരതത്തിന്റെ ഏറ്റവും വലിയ ശക്തിയെന്ന് നരേന്ദ്രമോദി പറഞ്ഞു.

തേനുത്പാദനത്തിൽ റെക്കോർഡിട്ട രാജ്യം ആയിരക്കണക്കിനാളുകൾക്ക് തൊഴിലവസരം ലഭ്യമാക്കി തേൻമധുരം പകർന്നു നൽകുകയാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ജമ്മുകശ്മീരിലെ സുലായി എന്ന വെളുത്ത തേനിന് GI ടാഗ് ലഭിച്ചു. ദക്ഷിണ കന്നഡയിലെ പുത്തൂരിൽ തേനുത്പാദനത്തിന് ഉത്തമമായ സസ്യ ജാലം പ്രകൃതി സമ്മാനിച്ചിട്ടുണ്ട്. അവിടുത്തെ ഗ്രാമജന്യ എന്ന കർഷക സംഘടന  ആധുനിക സംസ്കരണ യൂണിറ്റ് ആരംഭിച്ചതും അദ്ദേഹം എടുത്തുപറഞ്ഞു.  കർണാകയിലെ തുംകുരു ജില്ലയിൽ  ശിവഗംഗ കാലഞ്ജിയ എന്ന സംഘടന ആയിരക്കണക്കിന് കർഷകരെ ഈ മേഖലയിലെത്തിച്ചിട്ടുണ്ട്. നാഗാലാന്റിലെ ക്ലിഫ് ഹണി ഹണ്ടിംഗും പ്രധാനമന്ത്രി പരാമർശിച്ചു.

<AUDIO>

ഹരിയാനയിലെ കുരുക്ഷേത്രയിൽ മഹാഭാരത യുദ്ധത്തിന്റെ അനുഭവ കേന്ദ്രം, 3-D അനുഭവങ്ങളിലൂടെയും, ലൈറ്റ് ആന്റ് സൗണ്ട് ഷോയിലൂടെയും, മഹാഭാരത യുദ്ധത്തിന്റെ കാഴ്ചകൾ യഥാതഥമായി ചിത്രീകരിക്കുന്നതായി പ്രധാനമന്ത്രി

പറഞ്ഞു. കുരുക്ഷേത്രയിലെ അന്താരാഷ്ട്ര ഗീതാമഹോത്സവവും മറക്കാനാവാത്ത അനുഭവമാണെന്ന് അദ്ദേഹം അനുസ്മരിച്ചു.

ദക്ഷിണ ഭാരതത്തിലെ പ്രകൃതി കൃഷി പ്രവർത്തനങ്ങളിൽ പ്രധാനമന്ത്രി മതിപ്പ് പ്രകടിപ്പിച്ചു. കോയമ്പത്തൂരിലെ പ്രകൃതി കൃഷി സമ്മേളനത്തിൽ പങ്കെടുത്ത അദ്ദേഹം, അവിടുത്തെ നിരവധി യുവ പ്രൊഫഷണലുകൾ ഈ രംഗത്തേക്ക് കടന്നുവരുന്നതിൽ സംതൃപ്തി അറിയിച്ചു.

<AUDIO>

രാജ്യത്തെ വിന്റർടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ വിന്റർഗെയിംസുകളും, ഉത്സവങ്ങളും സംഘടിപ്പിക്കാനാകുമെന്ന് മോദി അഭിപ്രായപ്പെട്ടു. ശീതകാല മാസങ്ങളിൽ ഹിമാലയൻ താഴ്വരകൾ ജീവിതത്തിൽ എന്നെന്നും ഓർക്കുന്ന അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന സ്ഥലങ്ങളാണെന്നും, അവസരം ലഭിച്ചാൽ ഹിമാലയം താഴ്വരകൾ സന്ദർശിക്കണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു. ബുദ്ധ ഭഗവാന്റെ പുണ്യ അവശിഷ്ടങ്ങൾ തിരികെയേൽപ്പിച്ച ഭൂട്ടാന് മൻ കി ബാതിൽ അദ്ദേഹം നന്ദിയറിയിച്ചു.

<AUDIO>

കേരളത്തിലെ മാന്നാറിൽ നിർമ്മിച്ച പിച്ചള ഉരുളി ഓസ്ട്രേലിയൻ പ്രധാനമന്ത്രിക്ക് സമ്മാനിച്ചതായി പറഞ്ഞ പ്രധാനമന്ത്രി, രാജ്യത്തിന്റെ തനതായ കരകൗശല മികവും, കലാപാരമ്പര്യവും ലോകത്തെ ബോധ്യപ്പെടുത്താൻ വോക്കൽ ഫോർ ലോക്കൽ അവസരമൊരുക്കുമെന്നും വിശദീകരിച്ചു.

<AUDIO>

ഈ വർഷത്തെ ഉത്സവ ഷോപ്പിംഗിൽ വോക്കൽ ഫോർ ലോക്കൽ എന്ന മനോഭാവം പ്രകടമായതായും പ്രധാനമന്ത്രി പറഞ്ഞു. 'രാജ്യത്ത് നിർമ്മിച്ചത് മാത്രം വാങ്ങുക, പൗരന്റെ കഠിനാധ്വാനത്തിന്റെ ഫലമായി ലഭിച്ചവ മാത്രം വിൽക്കുക' എന്ന നിർദ്ദേശവും അദ്ദേഹം മുന്നോട്ടുവെച്ചു.

കായികരംഗത്ത് നവംബർ സൂപ്പർഹിറ്റായിരുന്നുവെന്ന് പ്രധാനമന്ത്രി വിലയിരുത്തി. വനിതാ ടീം ICC ലോകകപ്പ് നേടി. ബ്ലൈൻഡ് വനിതാ ക്രിക്കറ്റ് ടീമും ലോകകപ്പ് സ്വന്തമാക്കി. ടോക്കിയോ ഡെഫ് ഒളിമ്പിക്സിൽ 20 മെഡലോടെ രാജ്യം മികച്ച പ്രകടനം കാഴ്ചവെച്ചു. ബോക്സിംഗ് കപ്പ് ഫൈനലിലും ഇന്ത്യ മെഡൽ സാന്നിധ്യമറിയിച്ചു. ബ്ലൈൻഡ് വനിതാ ടീമിന്റെ വിജയം കായികചരിത്രത്തിലെ വൻ വിജയങ്ങളിലൊന്നാ ണെന്നും പ്രധാനമന്ത്രി മൻ കി ബാതിൽ പറഞ്ഞു.

✪✪✪

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് നാളെ തുടക്കമാകും. ഡിസംബർ 19 വരെ 15 ദിവസം സഭ സമ്മേളിക്കും. ആണവോർജ്ജ ബിൽ, ഇൻഷൂറൻ നിയമഭേദഗതി ബിൽ, ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ബിൽ, ദേശീയ പാത ഭേദഗതി ബിൽ എന്നിവയടക്കം സുപ്രധാന ബില്ലുകൾ ശീതകാല സമ്മേളനത്തിൽ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശീതകാല സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷി യോഗം ഇപ്പോൾ ന്യൂഡൽഹിയിൽ പുരോഗമിക്കുകയാണ്. പാർലമെന്റിന്റെ ഇരു സഭകളിലേയും കക്ഷിനേതാക്കളുമായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു കൂടിക്കാഴ്ച നടത്തുന്നു.

സഭാ സമ്മേളനം സുഗമമാക്കുന്നതിൽ പ്രതിപക്ഷത്തിന്റെ സഹകരണം തേടിയാണ് സർവകക്ഷിയോഗം വിളിച്ചത്.

✪✪✪

തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിന്റെ സമയപരിധി കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷൻ പുതുക്കി. പുതിയ വിജ്ഞാപനപ്രകാരം ഡിസംബർ 11 വരെ വോട്ടർപ്പട്ടിക പരിഷ്ക്കരണ നടപടികൾക്ക് സമയം നീട്ടിയിട്ടുണ്ട്. ഡിസംബർ 12 നും 15 നുമിടയിൽ പട്ടിക പുതുക്കി 16 ന് കരട് പട്ടിക പ്രസിദ്ധീകരിക്കണം. തുടർന്ന് ജനുവരി 15 വരെ പരാതികളും, അവകാശങ്ങളും ഉന്നയിക്കാം. ഫെബ്രുവരി രണ്ടിനുള്ളിൽ ഇതിൽ തീരുമാനമെടുക്കണം. ഫെബ്രുവരി 14 ന് പുതുക്കിയ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ തിരുവനന്തപുരത്ത് ഉച്ചയ്ക്ക് ഒരു മണിക്ക് വാർത്താസമ്മേളനം വിളിച്ചിട്ടുണ്ട്.

✪✪✪

അടുത്ത 24 മണിക്കൂറിനുള്ളിൽ ദിത്വ ചുഴലിക്കാറ്റ് വടക്കൻ തമിഴ്നാട്-പുതുച്ചേരി തീരത്തിന് സമാന്തരമായി വടക്കോട്ട് സഞ്ചരിക്കാനാണ് സാധ്യതയെന്ന് കാലാവസ്ഥാ കേന്ദ്രം അറിയിച്ചു. ഇന്ന് ഉച്ചയോടുകൂടി തമിഴ്നാട്-പുതുച്ചേരി തീരപ്രദേശത്തുനിന്ന് ഏറ്റവും കുറഞ്ഞത് 70 കിലോമീറ്റർ ദൂരത്തിലും, വൈകുന്നേരത്തോടെ കുറഞ്ഞത് 30 കിലോമീറ്റർ ദൂരത്തിലും തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ കാറ്റ് എത്തിച്ചേരും.

ഇന്ന്, പുലർച്ചെ കാരൈക്കലിൽ നിന്ന് ഏകദേശം 90 കിലോമീറ്റർ കിഴക്ക്-വടക്കുകിഴക്ക് ദിശയിലും, വേദാരണ്യത്തിൽ നിന്ന് 120 കിലോമീറ്റർ വടക്കുകിഴക്ക് ദിശയിലും, പുതുച്ചേരിയിൽ നിന്ന് 130 കിലോമീറ്റർ

തെക്കുകിഴക്ക് ദിശയിലുമാണ് കാറ്റിന്റെ സ്ഥാനം. ചെന്നൈയിൽ നിന്ന് 220 കിലോമീറ്റർ തെക്ക്-തെക്കുകിഴക്ക് ദിശയിലാണ് കാറ്റ് ഇപ്പോൾ സ്ഥിതിചെയ്യുന്നത്.

തീരത്തോട് അടുത്ത് സഞ്ചരിക്കുന്ന സാഹചര്യത്തിൽ തമിഴ്നാട്, പുതുച്ചേരി, തെക്കൻ ആന്ധ്രാപ്രദേശ് തീരങ്ങളിൽ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ട്. അതീവ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

ചുഴലിക്കാറ്റിന്റെ സ്വാധീനത്താൽ കേരളത്തിലും അടുത്ത അഞ്ച് ദിവസം ചിലയിടങ്ങളിൽ നേരിയതോ  സാമാന്യം ശക്തമോ ആയ മഴയ്ക്ക് സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണമെന്നും അധികൃതർ അറിയിച്ചു.

✪✪✪

റായ്പൂരിൽ പൊലീസ് ഡയറക്ടർ ജനറൽമാരുടെയും, ഇൻസ്പെക്ടർ ജനറൽമാരുടെയും 60-ാമത് അഖിലേന്ത്യാ സമ്മേളനം ഇന്ന് സമാപിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി സമാപന സമ്മേളനത്തിൽ പങ്കെടുക്കും.

✪✪✪

ഇന്നലെ രാത്രി അന്തരിച്ച കൊയിലാണ്ടി MLA കാനത്തിൽ ജമീലയുടെ ഖബറടക്കം മറ്റന്നാൾ വൈകിട്ട് ആറിന് അത്തോളി കുനിയിൽ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടത്തും. മറ്റന്നാൾ രാവിലെ വരെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ സൂക്ഷിക്കുന്ന മൃതദേഹം അവിടെനിന്ന് പാർട്ടി നേതാക്കൾ ഏറ്റുവാങ്ങും.

തുടർന്ന് CPIM കോഴിക്കോട് ജില്ലാ കമ്മിറ്റി ഓഫീസായ C.H കണാരൻ സ്മാരക മന്ദിരത്തിൽ പൊതുദർശനത്തിന് വെക്കും. ശേഷം കൊയിലാണ്ടി ടൗൺ ഹാളിലും ഉച്ചക്കുശേഷം തലക്കുളത്തൂരിലും പൊതുദർശനമുണ്ടാകും. പന്നീട് തലക്കുളത്തൂരിലെ വീട്ടിലേക്ക് കൊണ്ടുപോകും.

ഇന്നലെ രാത്രി 8.45 ഓടെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലായിരുന്നു 59 കാരിയായ കാനത്തിൽ ജമീലയുടെ അന്ത്യം. അർബുദ ബാധിതയായി ഏറെനാളായി ചികിൽസയിലായിരുന്നു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന്റെ പരസ്യപ്രചാരണം അവസാനിക്കാൻ  ഇനി ഒരാഴ്ച കൂടി.  ഡിസംബർ ഒൻപതിന് ആദ്യഘട്ട തിരഞ്ഞെടുപ്പ് നടത്തുന്ന തിരുവനന്തപുരം മുതൽ എറണാകുളം

വരെ ജില്ലകളിലെ പരസ്യപ്രചാരണം ഏഴിന് അവസാനിക്കും. ഈ ജില്ലകളിൽ പ്രചാരണ രംഗം കൂടുതൽ സജീവമായി.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന്റെ സാഹചര്യത്തിൽ ജനാധിപത്യ പ്രക്രിയയിൽ ചേർത്തുനിർത്തലിന്റെ സന്ദേശവുമായി കോഴിക്കോട്ട് ജനാധിപത്യ ചിത്രമതിൽ ഒരുക്കി. ലീപ് കേരളയുടെ ഭാഗമായാണ് കോർപ്പറേഷൻ ഓഫീസ് പഴയ കെട്ടിടത്തോട് ചേർന്ന മതിലിൽ സമൂഹത്തിന്റെ നാനാ തുറകളിൽപെട്ടവർ ചേർന്ന് ചിത്രങ്ങൾ ഒരുക്കിയത്.

✪✪✪

വടകര DYSP ഉമേഷിനെ സസ്പെൻഡ് ചെയ്തു. പദവി ദുരുപയോഗം ചെയ്തുവെന്ന ആരോപണത്തിലാണ് നടപടി.

✪✪✪

ഇന്ത്യാ ദക്ഷിണാഫ്രിക്ക മൂന്ന് മത്സര ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് റാഞ്ചിയിൽ. JSCA ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചക്ക് ഒന്നരയ്ക്കാണ് മത്സരം. കഴുത്തിന് പരിക്കേറ്റ ഇന്ത്യൻ ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന് പകരം KL രാഹുലാണ് ടീമിനെ നയിക്കുന്നത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം FC, തിരുവനന്തപുരം കൊമ്പൻസിനെ നേരിടും. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

---

*News Editor:അനിൽ ചന്ദ്രൻ*
*News Reader: സയ്യിദ് അലി ശിഹാബ്,*
*NRT: സബിത കെ, രജിന കെ*
*DEO: ഷീബ*